LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലയളവിൽ പട്ടികജാതി വകുപ്പ് മുഖേന ഇടുക്കി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ പൂവടെ ചേർക്കുന്നു:

1. മിശ്ര വിവാഹ ധനസഹായം
2. വിവാഹ ധനസഹായം,
3. ചികിത്സാ ധനസഹായം
4. ഭൂരഹിത പുനരധിവാസ പദ്ധതി
5. സ്വയംതൊഴിൽ പദ്ധതി
6. ടോയ്‌ലറ്റ് നിർമ്മാണ പദ്ധതി
7. ഭവന നിർമ്മാണ ധനസഹായ പദ്ധതി
8. ഭവന പുനരുദ്ധാരണ ധനസഹായ പദ്ധതി
9. പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ്

(ബി) അനുബന്ധം I-ൽ ചേർത്തിരിക്കുന്നു.

(സി) മേൽ പദ്ധതികൾക്ക് ജില്ലകളിൽ നിന്നുള്ള ആവശ്യത്തിനനുസൃതമായിട്ടാണ് പണം അനുവദിച്ച് നൽകുന്നത്.

വടക്കഞ്ചേരി കമ്മ്യൂണിറ്റി കോളേജിലെ വിദ്യാർത്ഥി പ്രവേശനം

283(984) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കഞ്ചേരി കമ്മ്യൂണിറ്റി കോളേജിലെ വിദ്യാർത്ഥി പ്രവേശനം നടന്നുപൊയ്ത് പുനരാരംഭിച്ചിട്ടുണ്ടോ;

(ബി) പ്രവേശനം പുനരാരംഭിക്കാൻ ഉത്തരവായിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ; ഇല്ലെങ്കിൽ എന്നത്തേക്ക് ഉത്തരവാകുമെന്ന് വ്യക്തമാക്കുമോ;

(സി) ഇൻകുബേറ്റിംഗ് ഏജൻസിയുമായി പുതിയ എം.ഒ.യു. ഒപ്പു വച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര വർഷത്തേയ്ക്കാണ് പുതിയ എം.ഒ.യു. എന്ന് വ്യക്തമാക്കുമോ;

---

* ഫെബ്രുവരിയിൽ വച്ചിട്ടുണ്ട്.

(ഡി) കോളേജിൽ പുതിയ കോഴ്സുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) പുതിയ ബാച്ച് ആരംഭിക്കുന്നതിന് 9-2-2016-ൽ സ.ഉ. (സാധാ) നമ്പർ 242/2016/പ.ജ.പ.വ.വി.വ പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.

(സി) ഇൻകുബേറ്റിംഗ് ഏജൻസിയുമായി പുതിയ എം.ഒ.യു. ഒപ്പുവയ്ക്കുന്നതിന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) പരിശോധിക്കുന്നതാണ്.

ടോയ്ലറ്റ് നിർമ്മിക്കുന്നതിന് പദ്ധതി

284(985) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. സി. എച്ച്. മുഹമ്മദ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിക്കാരായ കുടുംബങ്ങൾക്ക് ടോയ്ലറ്റ് നിർമ്മിക്കുന്നതിന് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം*

(എ) നടപ്പാക്കിയിട്ടുണ്ട്.

(ബി) വാസയോഗ്യമായ വീടുള്ളവരും ശുചിത്വമുള്ള ടോയ്ലറ്റ് സൗകര്യം ഇല്ലാത്തതുമായ പട്ടികജാതി കുടുംബങ്ങളെയാണ് പദ്ധതിക്കായി പരിഗണിക്കുന്നത്. 25,000 രൂപയാണ് ധനസഹായമായി അനുവദിക്കുന്നത്. 2012-13 മുതൽ 2014-15 വർഷം വരെ ആകെ 65000 പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷം 15000 ഗുണഭോക്താക്കൾക്ക് സംസ്ഥാനത്തുടനീളം ടോയ്ലറ്റ് നിർമ്മാണ ധനസഹായം അനുവദിക്കുന്നതിന് ഭരണാനുമതി നൽകുകയും ജില്ലകൾക്ക് ഭൗതികലക്ഷ്യം നിശ്ചയിച്ച് ആവശ്യമായ ഫണ്ട് വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. ഗുണഭോക്താക്കൾക്ക് തുക വിതരണം ചെയ്യുന്നതിനുള്ള തുടർനടപടികൾ ജില്ലാതലത്തിൽ സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly